## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 221** **08-08-2023 - ൽ മറുപടിയ്ക്ക്**

## പാലിയേറ്റീവ് നയരേഖ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പാലിയേറ്റീവ് നെറ്റ് വർക്കിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സമഗ്ര സാന്ത്വന പരിചരണ പദ്ധതി പ്രധാനമായും 3 തലങ്ങളിലാണ് നടപ്പിലാക്കി വരുന്നത്.<br>ഭവന സന്ദർശനം നടത്തി ശയ്യാവലമ്പരായ രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതാണ് പ്രൈമറി പാലിയേറ്റീവ് കെയർ. ഇത് തദ്ദേശ സ്വയം ഭരണ വകുപ്പ് വഴിയാണ് നടപ്പിലാക്കി വരുന്നത്. കമ്മ്യൂണിറ്റി നഴ്സിലൂടെയാണ് ഇത് നടപ്പിലാക്കി വരുന്നത്.<br>താലൂക്ക് തലം മുതൽ ജില്ലാ, ജനറൽ ആശുപത്രി വരെയുള്ള ആശുപത്രി തലത്തിൽ നൽകി വരുന്നതാണ് സെക്കന്ററി പാലിയേറ്റീവ് കെയർ. ഇത് ദേശീയ ആരോഗ്യ ദൗത്യം ആണ് നടപ്പിലാക്കി വരുന്നത്. പാലിയേറ്റീവ് കെയർ പരിശീലനം നൽകി വരുന്നതാണ് ടെർഷ്യറി പാലിയേറ്റീവ് കെയർ. പ്രൈമറി കെയറിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ നിയമിക്കപ്പെട്ട കമ്മ്യൂണിറ്റി നഴ്സും, സെക്കന്ററി കെയറിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന നിയമിതരായ ഡോക്ടർമാർ സ്റ്റാഫ് നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുമാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർ. ഏകദേശം 48,000 കിടപ്പുരോഗികൾക്ക് പ്രതിമാസം ഗൃഹസന്ദർശനത്തിലൂടെ പരിചരണം ലഭിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തിന് ഒരു പാലിയേറ്റീവ് നയരേഖ രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് പുതുക്കിയ പാലിയേറ്റീവ് നയരേഖ 2019 - ൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ വിശദാംശം അറിയിക്കുമോ; | (സി) | നിലവിൽ നടപ്പിലാക്കപ്പെടുന്ന പാലിയേറ്റീവ് കെയർ പദ്ധതി ശാക്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈരംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സന്നദ്ധ സംഘടനകൾ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജുകൾ ഇതര ഡിപ്പാർട്ടുമെന്റുകൾ എന്നിവയെ കോർത്തിണക്കികൊണ്ട് ഒരു ബൃഹത് പദ്ധതിയായിട്ടാണ് പുതുക്കിയ നയം വിഭാവനം ചെയ്തിരിക്കുന്നത്. ഏകീകൃത ട്രയിനിംഗ് മോഡ്യൂൾ പരിശീലന പരിപാടി, പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ രജിസ്ട്രേഷൻ തുടങ്ങിയ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ പരിപാടികൾ വിദ്യാർത്ഥികൾക്കിടയിലും, പൊതു ജനങ്ങൾക്കിടയിലും സ്വീകാര്യമാകുംവിധം ഉൾപ്പെടുത്തിയിട്ടുള്ളതും പ്രാഥമികതലം മുതൽ മികവിന്റെ കേന്ദ്രങ്ങൾ വരെ സേവനം കോർത്തിണക്കുന്ന പാലിയേറ്റീവ് കെയർ ഗ്രിഡും, പുതുക്കിയ നയത്തിന്റെ സംഭാവനകളിൽപ്പെടുന്നു. |
| (ഡി) | പാലിയേറ്റീവ് നയരേഖ രൂപീകരിച്ചിട്ടില്ലെങ്കിൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | മറുപടി പിരിവ് (ബി) യിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | സർക്കാർ - സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന പാലീയേറ്റീവ് കെയർ യൂണിറ്റുകളുടെ രജിസ്ട്രേഷൻ, നിയന്ത്രണം എന്നിവ എങ്ങനെയാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത യൂണിറ്റുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (ഇ) | പുതുക്കിയ പാലിയേറ്റീവ് നയം നിലവിൽ വന്നതോടെ പാലിയേറ്റീവ് കെയർ യുണിറ്റുകളിൽ രജിസ്ട്രേഷൻ നിർബന്ധമാക്കുകയും പുതുക്കിയ നയപ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് മോണിറ്റർ ചെയ്യുന്നതിന് വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുകയും കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ അവലോകനം നടപ്പിലാക്കുകയും ചെയ്യുന്നു. ഇതിലൂടെ പാലിയേറ്റീവ് കെയർ സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ സാദ്ധ്യമാകുന്നതാണ്. |
| (എഫ്) | സെക്കണ്ടറിതല പരിചരണം ആവശ്യമുള്ളവർക്ക് ആയത് ലഭ്യമാക്കുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | സെക്കന്ററിതല സാന്ത്വന പരിചരണം ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികളിലാണ് പ്രധാനമായും നടപ്പിലാക്കിയിട്ടുള്ളത്. ഇവിടെ കിടത്തി ചികിത്സയ്ക്കൊപ്പം പെയിൻ ക്ലിനിക്ക്, ലിംഫെഡിമ ക്ലിനിക്ക് തുടങ്ങിയ അധിക സേവനവും ഫിസിയോതെറാപ്പിയും ഉറപ്പാക്കിയിട്ടുണ്ട്. കൊളോസ്റ്റമി കെയർ, ട്രക്കിയോസ്റ്റമി കെയർ, ലിംഫെഡിമ കെയർ തുടങ്ങിയ പ്രത്യേക സേവനങ്ങൾ സെക്കന്ററി കെയർ യൂണിറ്റിൽ ലഭ്യമാണ്. ദേശീയ ആരോഗ്യ ദൗത്യം വഴി നിയമിതരായ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരാണ് ഈ സേവനങ്ങൾ നിർവ്വഹിക്കുന്നത്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒരു സ്റ്റാഫ് നഴ്സിന്റെയും ഫിസിയോതെറാപ്പിസ്റ്റിന്റെയും സേവനം ഉറപ്പാക്കികൊണ്ട് സെക്കന്ററി പാലിയേറ്റീവ് കെയർ |

| | | | |
|---|---|---|---|
| | | | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ